# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

*ഫോൺ:* 0481-2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 22**

---

## എം.ജി സർവകലാശാലയിൽ എംഎസ്സി ഫിസിക്സ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എംഎസ്സി ഫിസിക്സ് പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷിക്കാം. മെറ്റീരിയൽ സയൻസ്, ആസ്ട്രോ ഫിസിക്സ് ,പ്ലാസ്മ ഫിസിക്സ്, തിയററ്റിക്കൽ ഫിസിക്സ്, നാനോസയൻസ്, അപ്ലൈഡ് ഫോട്ടോണിക്സ്,ലേസർ ഫിസിക്സ്, എന്നീ മേഖലകളിൽ ഇലക്ടീവ് കോഴ്സുകളുണ്ട്.*

*ഗവേഷണത്തിനുള്ള വിപുല സാധ്യതകളും വകുപ്പിന്റെ പ്രത്യേകതയാണ്.* cat.mgu.ac.in *വഴി മെയ് 31 വരെ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1602/2025)*

## പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സിൽ എംഎ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ എംഎ പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ് പ്രോഗ്രാമിൽ പ്രവേശനത്തിന്* cat.mgu.ac.in *വഴി അപേക്ഷിക്കാം. ഫോൺ-0481 2731040, 9495607297. വെബ് സൈറ്റ്* https://sirp.mgu.ac.in *ഇമെയിൽ:* sirp@mgu.ac.in.

*(പി.ആർ.ഒ/39/1603/2025)*

## കൗൺസലിംഗിൽ എംഎ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന എംഎ കൗൺസലിംഗ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. നൈപുണ്യവികസനത്തിനുകൂടി പ്രാധാന്യം നൽകി*

*ചിട്ടപ്പെടുത്തിയിട്ടുള്ള കരിക്കുലമാണ് പ്രോഗ്രാമിന്റെ പ്രത്യേകത.* cat.mgu.ac.in *വഴി അപേക്ഷിക്കാം. ഫോൺ–0481 2733399, 8301000560.*

*(പി.ആർ.ഒ/39/1604/2025)*

## എം.ജി സർവകലാശാലയിൽ ജർമൻ പഠിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് നടത്തുന്ന ജർമൻ എവൺ പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷിക്കാം. തിങ്കൾ മുതൽ വെള്ളിവരെ ഓൺലൈൻ ക്ലാസുകളും ശനിയാഴ്ച്ച ഓഫ് ലൈൻ ക്ലാസുകളുമുണ്ടാകും.*

*പത്താം ക്ലാസ് വിജയിച്ചവർക്ക് അപേക്ഷിക്കാം. എൺപതു മണിക്കൂറാണ് കോഴ്സിന്റെ ദൈർഘ്യം. ഫീസ് പതിനായിരം രൂപ.* https://forms.gle/mF9zwJv5SxuFE-U-C-d8 *ലിങ്കിൽ രജിസ്റ്റർ ചെയ്യാം. ഫോൺ– 8078786798, 0481 2733292 ഇമെയിൽ–* dasp@mgu.ac.in. *വെബ്സൈറ്റ്–* dasp.mgu.ac.in

*(പി.ആർ.ഒ/39/1605/2025)*

## പ്രൊജക്റ്റ് ഇവാലുവേഷൻ

*ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ ബേസിക് സയൻസ് (സ്റ്റാറ്റിസ്റ്റിക്സ് 2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി മാർച്ച് 2025) മൈനർ പ്രൊജക്റ്റ് ഇവാലുവേഷൻ പരീക്ഷാ മെയ് 28ന് മാല്യങ്കര എസ്എൻഎം കോളേജിൽ നടക്കും.*

*(പി.ആർ.ഒ/39/1606/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നും രണ്ടും സെമസ്റ്റർ എംഎഫ്എ (2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾ ജൂൺ 13 മുതൽ തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. മെയ് 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മെയ് 27 വരെയും സൂപ്പർ ഫൈനോടുകൂടി മെയ് 28 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1607/2025)*

## കലോത്സവ വിജയികൾക്ക് കാഷ് അവാർഡിന് അപേക്ഷിക്കാം

*അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് സംഘടിപ്പിച്ച ദേശീയ, ദക്ഷിണ മേഖലാ, അന്തർ സർവകലാശാലാ കലോത്സവങ്ങളിൽ വിജയികളായ മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ വിദ്യാർഥികൾക്കുള്ള 2024-25 അധ്യയന വർഷത്തെ കാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. ആദ്യ മൂന്നു സ്ഥാനങ്ങൾ നേടിയവരെയാണ് പരിഗണിക്കുന്നത്. കോളജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ അപേക്ഷയും കലോത്സവത്തിൽ ലഭിച്ച സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂൺ 10ന് വൈകുന്നേരം അഞ്ചു വരെ നേരിട്ടോ തപാലിലോ സമർപ്പിക്കാം.*

*വിലാസം- ഡയറക്ടർ, ഡിപ്പാർട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ്, മഹാത്മാ ഗാന്ധി സർവകലാശാല പി.ഡി. ഹിൽസ് കോട്ടയം-* 686560. വിശദ വിവരങ്ങളും അപേക്ഷാ ഫോറവും സർവകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in)

*(പി.ആർ.ഒ/39/1608/2025)*

## പരീക്ഷാ തീയതി

*ഒന്നാം സെമസ്റ്റർ ബിവോക്ക് (പഴയ സ്കീം- 2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ മെയ് 30 മുതൽ നടക്കും.*

...............................

*രണ്ടാം സെമസ്റ്റർ ബിവോക്ക് (പഴയ സ്കീം- 2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ ഒൻപതു മുതൽ നടക്കും.*

...............................

*മൂന്നാം സെമസ്റ്റർ ബിവോക്ക് (പഴയ സ്കീം- 2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 16 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1609/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും*

*ജൂൺ ആറു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

..............................

*ഒന്നാം സെമസ്റ്റർ എംബിഎ (2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019, 2020 അഡ്മിഷനുകൾ ഒന്നാം മെഴ്സി ചാൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ ആറു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..............................

*ഒന്നും രണ്ടും സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി മാത്തമാറ്റിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ -2018 അഡ്മിഷൻ സപ്ലിമെന്ററി, 2014 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഓഗസ്റ്റ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ ആറു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1610/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**